വിവിധ വിഭാഗം ജീവനക്കാരുടെ പെൻഷൻ പ്രായം

27 [310] ശ്രീ. എം. മുരളി :
,, ഇ. എം. അഗസ്തി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. പി. ടി. തോമസ് :
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ വിഭാഗം ജീവനക്കാരുടെ പെൻഷൻ പ്രായം എത്രയാണ്;

(ബി) സംസ്ഥാന സഞ്ചിത നിധിയിൽ നിന്ന് ധനസഹായം തേടുന്നതോ ശമ്പളം പറ്റുന്നതോ ആയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം എത്രയാണ്;

(സി) കേന്ദ്ര ഗവൺമെന്റ് ജീവനക്കാരുടെ പെൻഷൻ പ്രായം എത്രയാണ്;

(ഡി) സംസ്ഥാന ജീവനക്കാരുടെയും സംസ്ഥാന സഞ്ചിത നിധിയിൽ നിന്ന് ധനസഹായം തേടുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും പെൻഷൻ പ്രായം ഏകീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) സംസ്ഥാന ഗവൺമെന്റിൽ ജോലി ചെയ്യുന്ന അഖിലേന്ത്യാ സർവ്വീസിൽ പെട്ടവരുടെ പെൻഷൻ പ്രായമെത്ര എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 55 വയസ്സ്. എന്നാൽ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലെ ഒരു വിഭാഗത്തിന് 60 വയസ്സു വരെ തുടരാം.

(ബി) 55 വയസ്സ്. സർക്കാർ ധനസഹായം തേടുന്ന ചില സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം 55 വയസ്സിൽ കൂടുതലാണ്.

(സി) 60 വയസ്സ്.

(ഡി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഇ) 60 വയസ്സ്.

LIBRARY ARCHIVES Kerala Legislative Assembly